# കാർഷിക സർവകലാശാല പഠന, ഗവേഷണ മന്ദിരം ഉദ്ഘാടനം

**തൃശൂർ** > സംസ്ഥാനത്തെ കാർഷിക വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപരേഖ തയ്യാറാക്കിയതായി മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. കേരള കാർഷിക സർവകലാശാലാ ആസ്ഥാനത്തെ സി അച്യുതമേനോൻ സ്മാരക പഠന, ഗവേഷണ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർവകലാശാലയിലെ ഗവേഷണങ്ങൾ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് കരുത്തുപകരുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സർക്കാരിനുണ്ട്. കൃഷിയിടങ്ങളുടെ പുനരുജ്ജീവനത്തിനായി കാർഷിക സർവകലാശാലയും കൃഷിവകുപ്പും ഏകോപനത്തോടെ പ്രവർത്തിക്കണം-മന്ത്രി പറഞ്ഞു. പുതുതായി നിർമിക്കുന്ന സ്പോർട്സ് പവലിയന്റെ ശിലാസ്ഥാപനവും മന്ത്രി നിർവഹിച്ചു.

കെ രാജൻ എംഎൽഎ അധ്യക്ഷനായി. ജനറൽ കൗൺസിൽ അംഗം കെ വി വിജയദാസ് എംഎൽഎ, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ എന്നിവർ സംസാരിച്ചു. വൈസ് ചാൻസലർ ഡോ. പി രാജേന്ദ്രൻ സ്വാഗതവും രജിസ്ട്രാർ എസ് ലീനാകുമാരി നന്ദിയും പറഞ്ഞു. ഐസിഎആർ ധനസഹായംകൊണ്ട് ഒമ്പതരക്കോടി രൂപ ചെലവിൽ നിർമിച്ച പുതിയ മന്ദിരത്തിൽ പൊതു ഭരണം, അക്കാദമിക്, ധനകാര്യം, ഗവേഷണം എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കും.

ഴിൽ വായ്പ അനുവദിക്കുന്നതിന് പട്ടികജാതിയിൽപ്പെട്ട തൊഴിൽരഹിതരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. മൂന്നുലക്ഷം രൂപയാണ് പദ്ധതിത്തുക. പ്രായം 18നും 50നും മധ്യേ. കോർപറേഷനിൽനിന്ന് മുമ്പ് ഏതെങ്കിലും സ്വയം തൊഴിൽ വായ്പ ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. താൽപ്പര്യമുള്ളവർ അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കുമായി കോർപറേഷന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0487-2331556.

Deshabhimani 28.10.17